14067
9/9/16

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഉച്ച ഭക്ഷണ പദ്ധതി- കണ്ടിജന്റ് ചാർജ്, പാചകതൊഴിലാളികളുടെ വേതനം- വർദ്ധിപ്പിച്ചത്- പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 2911/2016/പൊ.വി.വ തീയതി, തിരുവനന്തപുരം 05/ 09/2016

---

പരാമർശം: 1. 3.3.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 948/2016/ പൊ.വി.വ

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.8.2016 ലെ എൻ. എം1/ 34566/2013/ DPI നം. കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഉച്ച ഭക്ഷണ പദ്ധതിക്കുള്ള കണ്ടിജന്റ് ചാർജ് 5 രൂപയിൽ നിന്നും ചില വ്യവസ്ഥകൾക്കുവിധേയമായി 8 രൂപയായി വർദ്ധിപ്പിച്ചും സ്കൂൾ പാചകതൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന വേതനമായ 350/ രൂപ പ്രത്യേകം നൽകുവാനും അനുമതി നൽകിയിരുന്നു.

2. പരാമർശം (2)ലെ കത്തു പ്രകാരം ഈ ഉത്തരവ് പുന പരിശോധിക്കണമെന്നും ചില വ്യവസ്ഥകളിൽ മാറ്റം വരുത്തി പുതുക്കി നിശ്ചയിക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സ്കൂളുകളിലെ ഭക്ഷണ പാചകചെലവും പാചകതൊഴിലാളികളുടെ കൂലിയും ശാസ്ത്രീയമായി പരിഷ്കരിക്കണമെന്നഭ്യർത്ഥിച്ച് അധ്യാപക സംഘടനകളും പാചകതൊഴിലാളി സംഘടനകളും നല്കിയ നിവേദനങ്ങളുടേയും സ.ഉ.(സാധാ) നം. 948/2016/പൊ.വി.വ/തീയതി 3.3.2016 ന്റെയും, പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 500 കുട്ടികൾ വരെ ഒരു പാചകതൊഴിലാളി എന്ന തോതിലും 500 ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ രണ്ട് പാചകതൊഴിലാളികൾക്കും തുല്യ വേതനം എന്ന നിലയിലുള്ള അവസ്ഥ തുടരാനും 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചകതൊഴിലാളികളുടെ കുറഞ്ഞ ദിവസ വേതനം 400 രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകാനും 150 ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപയും നൽകാനും ഇപ്രകാരം നൽകപ്പെടുന്ന വേതനം പാചകതൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വഴിയായി നൽകാനും ഉത്തരവാകുന്നു.150 കുട്ടികൾ വരെ കുട്ടി ഒന്നിന് 8 രൂപ, 150 മുതൽ 500 കുട്ടികൾ വരെ കുട്ടി ഒന്നിന് 7 രൂപ, 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്ന നിരക്കിൽ ഭക്ഷണ

സാധനങ്ങൾ, മുട്ട, പാൽ തുടങ്ങിയവയ്ക്കുള്ള ചിലവിനത്തിലും അനുവദിക്കാനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോക്കോസ് പണിക്കർ. പി.ഐ,
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവശിക്ഷാ അഭിയാൻ, തിരുവനന്തപുരം
സിവിൽ സപ്ളൈസ് ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (26.8.2016 ലെ 813755/എഡ്യൂ.എ 1/16/ധന നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) ( വിപുല പ്രചരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.